(ഇ) പാം ഓയിൽ മില്ലിന്റെ ആവശ്യം മുൻനിറുത്തി സംസ്ഥാനത്ത് എണ്ണപ്പനക്കൃഷി വ്യാപിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് എണ്ണപ്പനക്കൃഷി വ്യാപിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) ഒമ്പതാം പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് എണ്ണപ്പന വെച്ചുപിടിപ്പിക്കാൻ പദ്ധതി തയാറാക്കിയിട്ടുണ്ടോ? എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) പ്രസ്തുത മില്ലിന്റെ പണി പൂർത്തിയായിട്ടുണ്ട്.

(ബി) 20 മെട്രിക് ടൺ/എഫ്.എഫ്.സി/എച്ച്.ആർ.

(സി) ഉണ്ട്, എണ്ണപ്പനകുരുവിൽനിന്നും എണ്ണ ഉല്പാദിപ്പിക്കുന്ന സംവിധാനത്തിലൂടെ കമ്പനി ഒരുവർഷം 750 ടൺ എണ്ണ ഉല്പാദിപ്പിച്ചെടുക്കുവാൻ ലക്ഷ്യമിടുന്നു.

(ഡി) പ്രസ്തുത മില്ലിലേയ്ക്കുള്ള അസംസ്കൃത സാധനങ്ങൾ കമ്പനിയുടെ 3646 ഹെക്ടർ സ്ഥലത്തുള്ള എണ്ണപ്പനകളിൽനിന്ന് ലഭ്യമാണ്.

(ഇ) കൊല്ലം ജില്ലയിലും പ്രാന്തപ്രദേശങ്ങളിലും 1000 ഹെക്ടർ സ്ഥലത്ത് എണ്ണപ്പനകൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കോട്ടയം ജില്ലയിലെ 200 ഹെക്ടർ കരിനിലങ്ങളിൽ ഓയിൽ പാം മാതൃകാ കൃഷിത്തോട്ടം നിർമ്മിക്കുന്നതിനുള്ള പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(എഫ്) ഉണ്ട്. ഒമ്പതാം പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് കർഷകരുടെ 1000 ഹെക്ടർ ഭൂമിയിൽ 75% കേന്ദ്ര സഹായത്തോടെ ഓയിൽ പാം കൃഷി നടപ്പിലാക്കുന്നതിനുള്ള ഒരു പദ്ധതിക്ക് സർക്കാർ അംഗീകാരം കൊടുത്തിട്ടുണ്ട്. ഒമ്പതാം പദ്ധതിയിൽ ഓയിൽ പാം കൃഷി വ്യാപിപ്പിക്കുന്നതിനായി കോട്ടയം ജില്ലയിലെ അർപ്പൂക്കര വില്ലേജിൽ മാതൃകാ കൃഷിത്തോട്ടം നിർമ്മിക്കുന്നതിനുള്ള പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ†

1 (2558) നികുതിപിരിവിലെ കുറവ്

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീമതി ആർ. ലതാദേവി :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. സി.എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നികുതിപിരിവിലെ വർദ്ധനയുടെ തോത് കുറഞ്ഞുവരുന്നുണ്ടോ;

† താമസിച്ച് ലഭ്യമായ ഉത്തരങ്ങൾ അനുബന്ധം I ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ ഓരോ വർഷവും ഉണ്ടായ കുറവ് എത്ര ശതമാനം വീതമാണെന്നും ഇതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ;

(സി) നികുതിപിരിവ് കുറയുന്നതിന്റെ കാരണങ്ങൾ കണ്ടെത്തുന്നതിന് ഉദ്യോഗസ്ഥരും സാമ്പത്തിക വിദഗ്ദ്ധരും അടങ്ങുന്ന ഒരു സമിതിയെ നിയോഗിക്കുവാനുദ്ദേശിക്കുന്നുണ്ടോ;

(ഡി) നികുതി കുടിശ്ശികയിനത്തിൽ എത്ര കോടി രൂപ ഇതുവരെ പിരിഞ്ഞുകിട്ടുവാനുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)

വർഷം	വിൽപ്പനനികുതി വർദ്ധനവിന്റെ പിരിവ് (രൂപകോടിയിൽ)	ശതമാനം	മുൻവർഷത്തെ അപേക്ഷിച്ച് വർധനവിലെ കുറവ്
1996-97	2753.69	21%	2%
1997-98	3106.79	13%	8%
1998-99	3387.93	9%	4%

റബ്ബറിന്റെ വിലയിടിവ്, വിപണിയിലെ പൊതുവായ മാന്ദ്യം, കെട്ടിട നിർമ്മാണ മേഖലയിലെ മാന്ദ്യത, വാഹനങ്ങളുടേയും മറ്റും വില്പനക്കുറവ് തുടങ്ങിയ കാരണങ്ങളാൽ ആണ് കുറവ് സംഭവിച്ചത്.

(സി) നികുതിപിരിവ് സംബന്ധിച്ച് പുരോഗതി അവലോകനം ചെയ്യുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും നിലവിലുള്ള സംവിധാനം പര്യാപ്തമാണ്.

(ഡി) 31.3.99 വരെയുള്ള കണക്കുകൾ അനുസരിച്ച് വില്പന നികുതി കുടിശ്ശിക 1107 കോടി രൂപയാണ് (താൽക്കാലിക കണക്കുകൾ പ്രകാരം)

2 (2559) ഏകീകൃത വില്പനനികുതി

ശ്രീ. എം.വി. ജയരാജൻ :
ശ്രീ. എം. ദാസൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. എം.എ. തോമസ് :
ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനങ്ങൾ തമ്മിലുള്ള നികുതി നിരക്കുകൾ സംബന്ധിച്ചുണ്ടാകുന്ന തർക്കങ്ങൾ അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാർ വിളിച്ചുകൂട്ടിയ സംസ്ഥാന ധനകാര്യ മന്ത്രിമാരുടെ യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly